1999, വിദേശ വിനിമയ മാനേജ്മെന്റ് ആക്ട് കറണ്ട് അക്കൗണ്ട് ഇടപാടുകൾ അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകളുടെ ഉപയോഗം വിദേശത്ത്

A.P (Dir സീരീസ്) സർക്കുലർ നമ്പർ 73 (ജനുവരി 24, 2003)

ഭാരതീയ റിസർവ് ബാങ്ക്
വിനിമയ നിയന്ത്രണ വകുപ്പ്
കേന്ദ്ര കാര്യാലയം
മുംബൈ 400001

A.P (Dir സീരീസ്) സർക്കുലർ നമ്പർ 73 (ജനുവരി 24, 2003)

എല്ലാ അംഗീകൃത വിദേശ നാണ്യ വിനിമയ ഡീലർമാർക്കും

മാഡം/സർ

1999 വിദേശ വിനിമയ മാനേജ്മെന്റ് ആക്ട് കറണ്ട് അക്കൗണ്ട് ഇടപാടുകൾ അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകളുടെ ഉപയോഗം വിദേശത്ത്

ചില കറണ്ട് അക്കൗണ്ട് ഇടപാടുകൾക്ക് വേണ്ടി വിദേശ നാണ്യം എടുക്കുന്നതിൽ നിരോധനവും മറ്റു ചില ഇടപാടുകളുടെമേൽ നിയന്ത്രണവും ഏർപ്പെടുത്തിയ 2000ലെ വിദേശ വിനിമയ മാനേജ്മെന്റ് (കറണ്ട് അക്കൗണ്ട് ഇടപാടുകൾ) ചട്ടം 2001 മാർച്ച് 30ലെ നോട്ടിഫിക്കേഷൻ നമ്പർ s.o.301 (E) പ്രകാരം ഭേദഗതി ചെയ്തു കൊണ്ട് 2000 മെയ് 3 ന് ഭാരത സർക്കാർ പുറപ്പെടുവിച്ച് നോട്ടിഫിക്കേഷൻ നമ്പർ GSR 381 (E) യിലേയ്ക്ക് അംഗീകൃത ഡീലർമാരുടെ ശ്രദ്ധ ക്ഷണിക്കുന്നു

2. പിന്നീട് 2000 മെയ് 3 ലെ നോട്ടിഫിക്കേഷൻ നമ്പർ GSR 381 (E) ഭേദഗതി ചെയ്തുകൊണ്ട് ഭാരത സർക്കാർ 2003 ജനുവരി 3 ന് നോട്ടിഫിക്കേഷൻ നമ്പർ GSR 33(E) ഇറക്കിയിട്ടുണ്ട്. അതുപ്രകാരം 2000ത്തിലെ വിദേശ വിനിമയ മാനേജ്മെന്റ് (കറണ്ട് അക്കൗണ്ട് ഇടപാടുകൾ) റൂൾ 5ൽ അടങ്ങിയിരിക്കുന്ന റിസർവ് ബാങ്കിന്റെ മുൻകൂർ അനുമതി വേണമെന്ന നിയന്ത്രണങ്ങൾ മറുനാട് സന്ദർശിക്കുന്ന ആളുകൾക്ക് കാർഡിന്റെ പരിധിക്കുള്ളിൽ അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ചുകൊണ്ട് ചെലവിനങ്ങൾക്കായി നൽകുന്ന പേയ്മെന്റിന് ബാധകമല്ലെന്ന് അംഗീകൃത ഡീലർമാരെ അറിയിക്കുന്നു കൂടാതെ 1999 ലെ വിദേശ വിനിമയ മാനേജ്മെന്റ് ആക്ടിന് കീഴിലുള്ള അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകളുടെ ഉപയോഗത്തെ സംബന്ധിച്ച് ധനപരമായതോ ഇനം തിരിച്ചുള്ളതോ ആയ തന്നെ റിസർവ് ബാങ്ക് ചുമത്തിയിട്ടില്ലെങ്കിലും അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകളുപയോഗിച്ച് നിരോധിച്ച വസ്തുക്കളായ ലോട്ടറി ടിക്കറ്റുകൾ, നിരോധിച്ച

മാസികകൾ എന്നിവ വാങ്ങുന്നതിനും വാതുവയ്പിന് പങ്കെടുക്കുന്നതിനും കോൾബാക്ക് സേവനങ്ങൾക്കുള്ള പേയ്മെന്റ് നടത്തുന്നതിനുമൊക്കെ മേലുള്ള നിയന്ത്രണങ്ങൾ തുടരും.

3. അംഗീകൃത ഡീലർമാർ ഈ സർക്കുലറിൽ അടങ്ങിയിരിക്കുന്ന സംഗതികൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ കൊണ്ടുവരണം.

4. ഈ സർക്കുലറിൽ അടങ്ങിയിരിക്കുന്ന നിർദ്ദേശങ്ങൾ 1999ലെ (1999 ലെ 42) വിദേശ വിനിമയ മാനേജ്മെന്റ് ആക്ടിന്റെ സെക്ഷൻ 10ൽ 4ന്റെയും സെക്ഷൻ 11ൽ 1 ന്റെയും കീഴിലാണ് നൽകിയിരിക്കുന്നത്.

വിശ്വസ്തതയോടെ
ഗ്രേസ് കോശി
ചീഫ് ജനറൽ മാനേജർ

ഭാരതീയ ഗസറ്റ്
അസാധാരണം
ഭാഗം II - സെക്ഷൻ 3 ഉപ സെക്ഷൻ 1
അധികൃത സ്ഥാനത്തു നിന്നും പ്രസിദ്ധീകരിക്കപ്പെട്ടത്/ന്യൂ ഡൽഹി, വ്യാഴം, ജനുവരി 16, 2003 /പൗഷ 26 1924 നമ്പർ 23 മിനിസ്റ്ററി ഓഫ് ഫിനാൻസ് ആന്റ് കമ്പനി അഫയേഴ്സ്
(സാമ്പത്തിക കാര്യ വകുപ്പ്)

നോട്ടിഫിക്കേഷൻ
ന്യൂ ഡൽഹി, 2003 ജനുവരി 15

GSR 33(E) 1999ലെ (1999 ലെ 42) വിദേശ വിനിമയ മാനേജ്മെന്റ് ആക്ടിന്റെ സെക്ഷൻ 5 ഉം ഉപസെക്ഷൻ 1ഉം സെക്ഷൻ 46ന്റെ ഉപസെക്ഷൻ 2ഉം അനുവദിക്കുന്ന അധികാരങ്ങളുടെ വിനിയോഗം സംബന്ധിച്ച് റിസർവ് ബാങ്കുമായി കൂടിയാലോചന നടത്തിയതിന്റെ ഫലമായി പൊതുജന താൽപര്യത്തിന് ആവശ്യമാണെന്ന് കരുതുന്നതിനാൽ താഴെ പറയുന്ന ഭേദഗതികൾ 2000ലെ വിദേശ വിനിമയ മാനേജ്മെന്റ് (കറണ്ട് അക്കൗണ്ട് ഇടപാടുകൾ) ചട്ടങ്ങളിൽ വരുത്തിയിരിക്കുന്നു.

1. സംക്ഷിപ്തതലക്കെട്ടും ആരംഭവും
(1) ഈ ചട്ടങ്ങളെ വിദേശ വിനിമയ മാനേജനമെന്റ് (കറണ്ട് അക്കൗണ്ട് ഇടപാടുകൾ) (ഭേദഗതി) ചട്ടങ്ങൾ, 2003 എന്ന് വിളിക്കാം

2. ഔദ്യോഗിക ഗസറ്റിൽ പരസ്യം ചെയ്യുന്ന തീയതി മുതൽ ഇവ പ്രാബല്യത്തിൽ വരും

2. വിദേശ വിനിമയ മാനേജ്മെന്റ് (കറണ്ട് അക്കൗണ്ട് ഇടപാടുകൾ) ചട്ടങ്ങൾ 2000 ൽ തട്ടം താഴെ പറയുന്ന പ്രകാരം ചട്ടം 6 നു ശേഷം ചേർക്കുന്നതാണ്:-

7 ഇന്ത്യയ്ക്ക് പുറത്തായിരിക്കുമ്പോൾ അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡിന്റെ ഉപയോഗം ഒരു വ്യക്തിയ്ക്ക് പുറം രാജ്യത്തെ സന്ദർശന വേളയിൽ  ഉണ്ടാവുന്ന ചെലവുകളുടെ പേയ്മെന്റ് നടത്തുന്നതിനായി അന്താരാഷ്ട്ര ക്രെഡിറ്റ് കാർഡുകൾ ഉപയോഗിക്കുന്നതിന് ചട്ടം 5 ലെ യാതൊന്നും തന്നെ ബാധകമല്ല.

അടിക്കുറിപ്പ് :- മുഖ്യചട്ടങ്ങൾ 2000 മെയ് 3 ലെ ഔദ്യോഗിക ഗസറ്റ് GSR 381 (E) യിലെ ഭാഗം II സെക്ഷൻ 3 ലെ ഉപസെക്ഷൻ 1ലും തുടർന്ന് 2001 മാർച്ച് 30 ന്  S O. 301 (E) ലും പ്രസിദ്ധീകരിച്ചിരിക്കുന്നു.

(F. No. 1/5/EC/2000 Vol. II)

സജീവ മിശ്ര

ജോയിന്റ് സെക്രട്ടറി